അന്യസംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന ആഹാര പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ നടപടി

83 [1260] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്ന് സംസ്ഥാനത്ത് എത്തുന്ന ആഹാരപദാർത്ഥങ്ങളുടെ ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനാ സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഏതു വകുപ്പിന്റെ കീഴിലാണ് പ്രസ്തുത സംവിധാനം നടപ്പിലാക്കുകയെന്ന് വെളിപ്പെടുത്തുമോ;

(സി) ഭക്ഷ്യപദാർത്ഥങ്ങൾ വൃത്തിഹീനമായ സാഹചര്യത്തിൽ സൂക്ഷിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അന്യ സംസ്ഥാനങ്ങളിൽ നിന്നും ഈ സംസ്ഥാനത്ത് എത്തുന്ന ആഹാര പദാർത്ഥങ്ങളുടെ ഗുണ നിലവാരം പരിശോധിക്കുന്നതിനുവേണ്ട സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്. കൂടാതെ ചെക്കുപോസ്റ്റുകളിൽ ഭക്ഷ്യസാധനങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുന്ന രീതിയും നടപ്പിലാക്കാൻ ഉദ്ദേശമുണ്ട്.

(ബി) സംസ്ഥാന പൊതുജനാരോഗ്യ വകുപ്പിന്റെ കീഴിൽ.

(സി) 1954-ലെ പ്രിവൻഷൻ ഓഫ് ഫുഡ് അഡൽറ്ററേഷൻ ആക്ടനുസരിച്ച്, ഭക്ഷ്യപദാർത്ഥങ്ങൾ വൃത്തിഹീനമായ സാഹചര്യങ്ങളിൽ സൂക്ഷിക്കുന്നതു തടയാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നഗരപ്രദേശങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടർമാരും ഗ്രാമപ്രദേശങ്ങളിൽ ഫുഡ് ഇൻസ്പെക്ടർമാരും ഇതിന്റെ ചുമതല വഹിക്കുന്നു. ആഹാര സാധനങ്ങൾ വൃത്തിഹീനമായ സാഹചര്യങ്ങളിൽ കണ്ടാൽ ഉടനടി പിടിച്ചെടുത്ത് നശിപ്പിക്കാൻ ഹെൽത്ത് ഇൻസ്പെക്ടർമാരെയും ഫുഡ് ഇൻസ്പെക്ടർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ, ചീഫ് ഫുഡ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിൽ മൊബൈൽ വിജിലൻസ് സ്ക്വാഡുകളും ഇത്തരത്തിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പഞ്ചായത്തീരാജ്/നഗരപാലിക നിയമപ്രകാരം ആരോഗ്യവകുപ്പ് കൈമാറിയിട്ടുള്ള അധികാരങ്ങൾ

84 [1261] ശ്രീ. ടി. ചാത്തു:
,, സി. പി. നാരായണൻ:
,, എ. പത്മകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തീരാജ്/നഗരപാലിക നിയമപ്രകാരം ആരോഗ്യ വകുപ്പ് എന്തെല്ലാം അധികാരങ്ങളാണ് ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറേണ്ടതായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly